# സർക്കാർ ഉത്തരവ് നമ്പർ 411/2014 പിൻവലിക്കുക
# കെ.എസ്.എഫ്.ഇ വൈസ് ചെയർമാൻ സ്ഥാനം പുനഃപരിശോധിക്കുക

സഖാക്കളെ സുഹൃത്തുക്കളെ,

റിസർവ് ബാങ്കിനും കേന്ദ്ര കമ്പനീസ് ആക്ടിനും മാത്രമല്ല രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി പ്രവർത്തിക്കാൻ ബാധ്യതയും ഉത്തരവാദിത്തവുമുള്ള പൊതുമേഖലാ ധനകാര്യ സ്ഥാപനമാണ് KSFE. 25,000 കോടി രൂപ ടേണോവറിലേക്ക് പ്രവേശിക്കുന്ന സ്ഥാപനം രാജ്യത്തെ നിയമങ്ങൾ പാലിക്കുന്നതിൽ ജാഗ്രത പുലർത്തിയേ മതിയാകൂ. ബംഗാളിലെ ശാരദാ ചിട്ടി കുംഭകോണത്തെത്തുടർന്ന് കേന്ദ്ര റവന്യൂ ഇന്റലിജൻസും റിസർവ് ബാങ്കും കർശനമായ നടപടികളിലേയ്ക്ക് നീങ്ങുകയാണ്. രാജ്യത്തെ ചിട്ടിക്കമ്പനികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് കർശനമായ ഇടപെടൽ ഉണ്ടാകുമെന്ന് കേന്ദ്ര ധനകാര്യ മന്ത്രിയുടെ ബജറ്റ് പ്രസംഗത്തിൽ ശക്തിയായി സൂചിപ്പിച്ചിട്ടുണ്ട്. ഈ സവിശേഷ സാഹചര്യത്തിൽ ആവശ്യമായ ജാഗ്രത പുലർത്താനുള്ള ഉത്തരവാദിത്വം KSFE മാനേജ്മെന്റിനും സർക്കാരിനുമുണ്ട്. ജീവനക്കാരായ നമുക്കും ആ ഉത്തരവാദിത്വത്തിൽ നിന്നും മാറി നിൽക്കാനാവില്ല.

KSFE യുടെ എക്സിക്യൂട്ടീവ് അധികാരം നിക്ഷിപ്തമായിരിക്കുന്നത് ചീഫ് എക്സിക്യൂട്ടീവായ മാനേജിംഗ് ഡയറക്ടറിലാണ്. അദ്ദേഹത്തിന് ആ അധികാരം താഴെത്തട്ടിലെ വരെ ഉദ്യോഗസ്ഥർ വഴി നിർവ്വഹിയ്ക്കാനാകും. എന്നാൽ നമ്മുടെ സ്ഥാപനത്തിന്റെ പ്രവർത്തനം ആകെ താറുമാറാകുന്ന ഒരു ഉത്തരവ് (Go (Rt) No.411/2014/TD.Dtd.29-5-2014) കേരളാ സർക്കാർ പുറപ്പെടുവിച്ചിരിക്കുകയാണ്. Companies Act ലെ ഷെഡ്യൂൾ 4, സെക്ഷൻ 149 എന്നീ വകുപ്പുകളുടെ നഗ്നമായ ലംഘനമാണ് പ്രസ്തുത സർക്കാർ ഉത്തരവ്. 22-7-2014 തീയതിയിലെ Indian Express പത്രത്തിൽ ഇത് സംബന്ധിച്ച് വാർത്തയും വന്നിട്ടുണ്ട്. KSFE യിലെയെന്നു മാത്രമല്ല, ഏതൊരു ബാങ്കിംഗ്, നോൺ-ബാങ്കിംഗ് ധനകാര്യ സ്ഥാപനത്തിലെയും ഏറ്റവും മർമ്മ പ്രധാനമായ പ്രവർത്തനമാണ് കുടിശിക നിവാരണം. എന്നാൽ മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിലൂടെ KSFEയിലെ കുടിശിക നിവാരണത്തിന്റെ ചുമതല ചീഫ് എക്സിക്യൂട്ടീവിൽ നിന്ന് അടർത്തിമാറ്റി വൈസ് ചെയർമാൻ ശ്രീ.ജോബ് മൈക്കിളിന് നൽകിയിരിക്കുന്നു. അദ്ദേഹത്തിന് നേരിട്ട് ഉദ്യോഗസ്ഥരുടെ യോഗം വിളിക്കാൻ കഴിയും. ശാഖകൾ സന്ദർശിക്കാൻ കഴിയും. തീരുമാനങ്ങൾ എടുത്ത് നടപ്പാക്കാനും കഴിയും. ഫലത്തിൽ KSFEയിൽ രണ്ടധികാര കേന്ദ്രങ്ങൾ ഉണ്ടാകുകയും Managing Director നോക്കുകുത്തിയായി മാറുകയും ചെയ്യും. ജീവനക്കാരെ സംബന്ധിച്ചും ആരുടെ ഉത്തരവാണ് അംഗീകരിക്കേണ്ടതെന്ന ആശയകുഴപ്പം രൂപപ്പെട്ടിരിക്കുകയാണ്.

ആയതിനാൽ KSFEയുടെ ഉത്തമ താല്പര്യത്തിന് എതിരായ പ്രസ്തുത സർക്കാർ ഉത്തരവ് അടിയന്തിരമായി പിൻവലിക്കണമെന്ന് ഞങ്ങൾ സർക്കാരിനോടാവശ്യപ്പെടുന്നു. ഈ ഉത്തരവ് KSFEയിൽ നടപ്പാക്കരുതെന്ന് ഞങ്ങൾ മാനേജ്മെന്റിനോടാവശ്യപ്പെടുന്നു. ഏകപക്ഷീയമായി ഈ ഉത്തരവ് നടപ്പാക്കാൻ ശ്രമിച്ചാൽ, വൈസ് ചെയർമാൻ വിളിക്കുന്ന യോഗത്തിൽനിന്ന് വിട്ടുനിന്നുകൊണ്ട്, സ്ഥാപനത്തിന്റെ താത്പര്യം ഉയർത്തിപ്പിടിക്കാനുള്ള പക്വതയും ആർജ്ജവവും KSFE ജീവനക്കാർ കാണിക്കണമെന്ന് സംഘടന ജീവനക്കാരോട് അഭ്യർത്ഥിക്കുന്നു.

ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ ബോർഡ് യോഗത്തിൽ അധ്യക്ഷത വഹിക്കുക എന്നതിൽ കഴിഞ്ഞ് മറ്റു ബോർഡംഗങ്ങളിൽ നിന്നും ഉപരിയായ ഒരു അധികാരവും വൈസ് ചെയർമാനില്ല. എന്നാൽ വൈസ് ചെയർമാനുവേണ്ടി പ്രത്യേകം ഓഫീസും സ്റ്റാഫിനെയും HO യിൽ സജ്ജീകരിച്ചിരിക്കുകയാണ്. കൂടാതെ വൈസ് ചെയർമാന് വാഹനം വാങ്ങി നൽകാനും നീക്കമുണ്ട്. കേരളത്തിന്റെ അഭിമാനമായ പല

പൊതുമേഖലാ സ്ഥാപനങ്ങളും തകർന്നത് അഴിമതിയും ധൂർത്തും മൂലമാണ്. KSFEയെയും ആ വഴി വിടാൻ നമുക്കാവില്ല. ആയതിനാൽ KSFEവൈസ് ചെയർമാൻ സ്ഥാനം പുനഃപരിശോധന വിഷയമാക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രമോഷനുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഇനി ആകെ 10 പേരാണ് അവശേഷിക്കുന്നത്. പ്രസ്തുത റാങ്ക് ലിസ്റ്റിലെ ആദ്യ ശ്രേണിയിലുള്ളവർക്ക് അസിസ്റ്റന്റുമാരായി പ്രമോഷൻ ലഭിച്ചിട്ട് രണ്ടു വർഷം കഴിഞ്ഞു. കേരളാ സർക്കാരിന്റെ 23-7-2014 ലെ സർക്കുലർ നമ്പർ 10336/Adv.C3/2014/P&ARD ഉത്തരവ് അനുസരിച്ച് KSFEയിലെ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ഞങ്ങൾ മാനേജ്മെന്റിനോടാവശ്യപ്പെടുന്നു. കഴിഞ്ഞ 8 വർഷമായി KSFEയിൽ പ്രവർത്തിക്കുന്ന ജീവനക്കാർ, പുതുതായി റിക്രൂട്ട് ചെയ്യപ്പെടുന്ന 1000-ൽ പരം ജീവനക്കാരുടെ പിറകിൽ പോകുന്ന നിർഭാഗ്യകരവും ദുഃഖകരവുമായ സാഹചര്യം ഒഴിവാക്കണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു.

അതുപോലെ തന്നെ KSFEയിലെ 'പ്യൂൺ' തസ്തിക 'Office Attendent' എന്ന് പുനർനാമകരണം ചെയ്തിട്ട് മൂന്ന് വർഷങ്ങൾ കഴിഞ്ഞു. ഈ തസ്തിക 'ഓഫീസ് അസിസ്റ്റന്റ്' എന്ന് പുനർനാമകരണം ചെയ്യണമെന്ന ആവശ്യം ശക്തമായി നിലനിൽക്കുന്നു. എന്നാൽ യൂണിഫോം വിതരണവുമായി ബന്ധപ്പെട്ട് HO ൽ നിന്നുള്ള കത്തിൽ പ്രസ്തുത തസ്തികയെ വീണ്ടും 'Peon' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ഇത് 'Office Attendent' വിഭാഗം ജീവനക്കാരെ അവമതിക്കുന്നതിന് തുല്യമാണ്. ഇതിൽ ഞങ്ങൾ ശക്തിയായി പ്രതിഷേധിക്കുന്നു. ഭാവിയിൽ ഇത്തരം പരാമർശങ്ങൾ ഒഴിവാക്കുന്നതിനുള്ള ജാഗ്രത ബന്ധപ്പെട്ടവർ പുലർത്തണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു. ഒരേ സ്ഥാപനത്തിൽ പ്രത്യേക വിഭാഗം ജീവനക്കാർക്ക് മാത്രം യൂണിഫോം എന്ന ആശയം തന്നെ അപരിഷ്കൃതമാണ്. പ്രസ്തുത പ്രശ്നം പുനഃപരിശോധനാ വിഷയമാക്കേണ്ട സാഹചര്യം അതിക്രമിച്ചിരിക്കുന്നു.

ലോൺമേളകളിലൂടെ RCL/NHFS സ്കീമുകൾ ശക്തിപ്പെടുന്നുണ്ട്. CVL പരിപോഷിപ്പിക്കാനുള്ള ശ്രമവും സ്വാഗതാർഹമാണ്. എന്നാൽ KSFE ജീവനക്കാർപോലും ഭവനനിർമ്മാണവായ്പ ഉൾപ്പെടെയുള്ള വായ്പകൾക്ക് ബാങ്കുകളെയും സ്വകാര്യധനകാര്യ സ്ഥാപനങ്ങളെയും ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് മാനേജ്മെന്റ് ഗൗരവമായി പരിശോധിക്കേണ്ടതാണ്. NHFS പദ്ധതിയെകുറിച്ച് ജീവനക്കാർക്ക് അവബോധം നൽകുന്നതിനുള്ള സ്റ്റഡി ക്ലാസുകൾ സംഘടിപ്പിക്കാൻ മാനേജ്മെന്റ് തയ്യാറാകണം എന്നാണ് ഞങ്ങളുടെ പക്ഷം. നമ്മുടെ സ്വർണ്ണപണയ വായ്പാപദ്ധതി അനാകർഷകമാകുകയാണ്. ഏറ്റവും ജനകീയമായ ഈ വായ്പാ പദ്ധതിയെ പരിപോഷിപ്പിക്കാൻ മാനേജ്മെന്റ് ശക്തമായ നിലപാട് സ്വീകരിക്കണം. സ്വർണ വായ്പാ പദ്ധതിയുടെ പ്രസക്തിയും പ്രാധാന്യവും തിരിച്ചറിഞ്ഞ് പൊതുമേഖലാ ബാങ്കുകൾ ഈ രംഗത്ത് അവരുടെ ഇടപെടൽ ശക്തമാക്കിയിരിക്കുകയാണ്. സ്വർണപണയ വായ്പാ പദ്ധതിയെ അനാകർഷകമാക്കുന്ന സർക്കുലറുകൾ പിൻവലിച്ച് പദ്ധതി പുനഃസംഘടിപ്പിക്കണം. ഇടപാടുകാരുമായി വ്യക്തിബന്ധമുള്ള പരിചയ സമ്പന്നരായ Gold Appriser മാർ സ്ഥാപനത്തിൽ നിന്നും പടിയിറങ്ങി മറ്റ് തൊഴിൽ അന്വേഷിച്ചുപോകുകയാണ്. സ്വർണപണയ വായ്പാപദ്ധതി ശക്തിപ്പെടുത്തികൊണ്ട് KSFEയുടെ മുന്നേറ്റം ഈ മേഖലയിലുണ്ടാകണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. അപ്രതീക്ഷിതമായി സ്വർണ്ണത്തിൽ ഉണ്ടായ വിലയിടിവിന്റെ ഫലമായുണ്ടാകുന്ന സാമ്പത്തിക നഷ്ടം ജീവനക്കാരുടെ ചുമലിൽ വച്ചുകെട്ടാനുള്ള നീക്കം പ്രതിഷേധാർഹമാണ്. സംഘടനകളുമായി ചർച്ചചെയ്ത് ഈ വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു.

അഭിവാദനങ്ങളോടെ,

**എസ്. മുരളികൃഷ്ണപിള്ള**

ജനറൽ സെക്രട്ടറി

KSFE സ്റ്റാഫ് അസ്സോസിയേഷൻ (CITU)

തിരുവനന്തപുരം

13-08-2014

# ആഫീസ് അറ്റൻഡന്റ്, ഡെസ്പാച്ച് അസിസ്റ്റന്റ് വിഭാഗം ജീവനക്കാർക്ക് അസിസ്റ്റന്റ് തസ്തികയിലേക്ക് യോഗ്യതയുടെയും സർവ്വീസിന്റെയും അടിസ്ഥാനത്തിൽ 10% പ്രമോഷൻ നൽകണമെന്ന് ആവശ്യപ്പെട്ട് സംഘടന ബഹു. കെ.എസ്.എഫ്.ഇ ചെയർമാന് നൽകിയ നിവേദനത്തിന്റെ പൂർണരൂപം

To

ശ്രീ. പി. ടി. ജോസ്
ചെയർമാൻ
കെ. എസ്. എഫ്. ഇ ലിമിറ്റഡ്
തൃശൂർ

സർ,

വിഷയം : 3 – 1 – 2014 ലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കരണവകുപ്പ് സർക്കാർ ഉത്തരവ് നമ്പർ 1/2014 KSFEയിലും നടപ്പാക്കുന്നത് സംബന്ധിച്ച്

സൂചന : 1. 3 – 1 – 2014 ലെ സർക്കാർ ഉത്തരവ് നമ്പർ 1/2014/ഉ. ഭ. പ. വ

2. 27 – 6 – 2014 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 857/14/തൊഴിൽ

3. 20 – 2 – 2014 ന് ഞങ്ങളുടെ സംഘടന താങ്കൾക്ക് നൽകിയ കത്ത്

മേൽ സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സീനിയോറിട്ടിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ ക്ലാസ് III തസ്തികയിലെ 10% ഒഴിവുകൾ IV തസ്തികയിലെ ജീവനക്കാർക്ക് സംവരണം ചെയ്ത സൂചന (1) പ്രകാരമുള്ള സർക്കാർ ഉത്തരവ് KSFE യിലും നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് ഞങ്ങളുടെ സംഘടന സൂചന (3) പ്രകാരം താങ്കൾക്ക് കത്ത് നൽകിയിരുന്നുവല്ലോ. ഞങ്ങളുടെ കത്തിന്റെ അടിസ്ഥാനത്തിൽ KSFE ഡയറക്ടർ ബോർഡ് പ്രസ്തുത വിഷയം ചർച്ച ചെയ്തതായി അറിയാൻ കഴിഞ്ഞു. അതിലുള്ള സന്തോഷം അറിയിച്ചുകൊള്ളുന്നു.

സൂചന (1) ലെ സർക്കാർ ഉത്തരവ് ഇതിനകം തന്നെ കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ക്ലാസ് IV വിഭാഗം ജീവനക്കാർക്ക് സൂചന (2) ലെ ഉത്തരവ് പ്രകാരം നടപ്പാക്കിക്കഴിഞ്ഞു. പ്രസ്തുത സർക്കാർ ഉത്തരവുകളുടെ പകർപ്പും ഇതോടൊപ്പം വയ്ക്കുന്നു.

KSFE യിലെ ഓഫീസ് അറ്റൻഡന്റ് ജീവനക്കാർക്കും സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളുടെ 10% സീനിയോറിറ്റിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ സംവരണം ചെയ്തു നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**എസ്. മുരളികൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി
KSFE സ്റ്റാഫ് അസ്സോസിയേഷൻ (CITU)

മുതുകുളം
11 – 07 – 2014

സംഘടനയുടെ കത്തിനോട് ചെയർമാനും മാനേജിംഗ് ഡയറക്ടറും അനുഭാവപൂർവ്വം പ്രതികരിക്കുകയും അനുകൂലമായ തീരുമാനം ഉണ്ടാകുമെന്ന് ഉറപ്പുനൽകുകയും ചെയ്തിരുന്നു. മാനേജ്മെന്റ് ആ വാക്കുപാലിക്കുകയും 13 - 08 - 2014ന് തൃശൂരിൽ ചേർന്ന ഡയറക്ടർ ബോർഡ് യോഗം പ്രസ്തുത ആവശ്യം അംഗീകരിക്കുകയും ചെയ്തു. അടിസ്ഥാനവിഭാഗം ജീവനക്കാരുടെ ന്യായമായ ആവശ്യം അംഗീകരിച്ച ബോർഡ് യോഗതീരുമാനത്തെ ഞങ്ങൾ സഹർഷം സ്വാഗതം ചെയ്യുന്നു.


STOP THE WAR
END THE OCCUPATION
The Communist Party of Israel الحزب الشيوعي الإسرائيلي
THE FIGHTING
SAVE ...
GAZA
PALESTINE
SAVE
THE CHILDREN IN
GAZZA
WAR
WHE ARE YOU MY BROTHER ?
save palestine